പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6435 — 31.10.2011 ൽ മറുപടിയ്ക്ക്

## ടെക്നോപാർക്കുകളിൽ ഇന്നൊവേഷൻ സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് ;<br>ശ്രീ. കോവൂർ കുഞ്ഞുമോൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടെക്നോസിറ്റികൾ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ ; | എ) സംസ്ഥാനത്ത് ഐ.ടി. വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം വില്ലേജിൽ ഒരു ടെക്നോസിറ്റി പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട് |
| ബി) സംസ്ഥാനത്ത് ടെക്നോപാർക്കുകൾ/ ടെക്നോസിറ്റികൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം സംസ്ഥാനത്ത് വ്യാവസായിക രംഗത്തുണ്ടായിട്ടുള്ള വളർച്ച വ്യക്തമാക്കുമോ ; | ബി) ടെക്നോപാർക്കുകൾ/ടെക്നോസിറ്റി ഇവയുടെ പ്രവർത്തനം ആരംഭിച്ചശേഷം വിവര സാങ്കേതിക വിദ്യാ രംഗത്ത് ധാരാളം തൊഴിലവസരങ്ങൾ, മൂലധന നിക്ഷേപങ്ങൾ എന്നിവ ഉണ്ടായിട്ടുണ്ട്. 1994 ൽ ടെക്നോപാർക്ക് പ്രവർത്തനം ആരംഭിച്ചതുമുതലാണ് കേരളത്തിലെ ഐ.ടി. മേഖലയിലെ തൊഴിലുകൾ ആരംഭിക്കുന്നത്. 1995-96 കാലയളവിൽ ഏകദേശം 1000 പേർ ടെക്നോപാർക്കിൽ ജോലി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള വിവിധ കമ്പനികളിലായി ഏകദേശം 47,000 പേർ ജോലി ചെയ്തുവരുന്നു. പരോക്ഷമായി ഇതിന്റെ രണ്ട് മടങ്ങ് തൊഴിലവസരങ്ങളെങ്കിലും ഉണ്ടാകുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഐ.ടി കയറ്റുമതി രംഗത്തും ഗണ്യമായ വളർച്ച ഉണ്ടായിട്ടുണ്ട്. കേരളം ഐ.ടി. രംഗത്ത് ഒരു പ്രധാന കേന്ദ്രമായി മാറിയിട്ടുണ്ട്. |
| സി) ടെക്നോപാർക്കുകളിൽ ഇന്നൊവേഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;<br>ഡി) എങ്കിൽ ഇന്നൊവേഷൻ സെന്ററുകൾ വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് ; | (സി) യും (ഡി) യും<br>ടെക്നോപാർക്കിൽ ഇന്നൊവേഷൻ സെന്ററുകളുടെ പ്രവർത്തനം നടത്തുന്നുണ്ട്. ഇത് Technopark TePP Outreach Centre (T-TUC) എന്ന പേരിൽ അറിയപ്പെടുന്നു. നൂതന ആശയക്കാരുടെ |

ശാസ്ത്ര സാങ്കേതിക രംഗത്തെ പുതുമ നിറഞ്ഞ ആശയങ്ങൾക്ക് ഭാരത സർക്കാരിന്റെ ധനസഹായം നൽകുന്ന ഒരു നോഡൽ കേന്ദ്രമാണ് ഇത്.

നൂതന ആശയ വികസനത്തിനും അതിന്റെ വ്യവസായ സംരംഭകത്വ വികസനത്തിനുമായി T-TUC യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിലും രാജ്യാന്തരതലത്തിലും വിവിധ പരിപാടികൾ സാദൃശ്യ സംഘടനകളുമായി ചേർന്ന് നടത്താറുണ്ട്. ടെക്നോപ്രണർ (നൂതന ആശയങ്ങളുടെ ശില്പശാല) ടെക്നോപ്പ് (ഇന്ത്യയിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ നൂതന വികസിത ഉത്പന്നങ്ങളുടെ പ്രദർശന മത്സരം), ഫാക്കൾറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം (സാങ്കേതിക വിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി), I am an Entrepreneur (T-TUC യുടെ സഹായങ്ങളേയും സേവനങ്ങളേയും പറ്റി വിദ്യാർത്ഥികൾക്ക് ബോധനം നൽകുന്ന ക്യാമ്പയിൻ) മറ്റ് നെറ്റ്‌വർക്കിംഗ് പ്രോഗ്രാമുകൾ എന്നിവയൊക്കെ മേൽപ്പറഞ്ഞ ഇന്നൊവേഷൻ സെന്റർ വഴി നടത്തുന്ന പ്രവർത്തനങ്ങളാണ്.

ഇ) ടെക്നോ പാർക്കുകളുടെ/ടെക്നോസിറ്റികളുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഇ) തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഒന്നും രണ്ടും മൂന്നും ഘട്ട വികസന പദ്ധതികൾ, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നിവിടങ്ങളിലെല്ലാം അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ അത്യാധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഐ.ടി. കെട്ടിട സമുച്ചയങ്ങൾ, ജലം, വൈദ്യുതി, ഡാറ്റാ കണക്ടിവിറ്റി, ടെലികോം സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കു പുറമേ മറ്റ് അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ